(സി) ഒരു നിയോജകമണ്ഡലത്തിൽത്തന്നെ ഒരു പഞ്ചായത്തിൽനിന്ന് വീടുകൾക്ക് നമ്പർ നൽകുകയും മറ്റൊരു പഞ്ചായത്തിൽ നിന്ന് നൽകാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അനുഭവിക്കുന്ന വിഷമത്തിന് പരിഹാരമായി ഒരു താൽക്കാലിക നമ്പർ നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത റോഡ് ഫിഷറീസ് റോഡു പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) പട്ടയം നൽകുവാൻ കഴിയാത്ത സ്ഥലത്ത് കൈവശരേഖ നൽകാൻ റവന്യൂ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വീടുകൾക്ക് നമ്പർ നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നതാണ്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ഫിഷറീസ് റോഡുകൾ

102 [259] ശ്രീ. പി. കെ. അബ്ദുറബ്ബ്:
„ യു. സി. രാമൻ:
„ വി. കെ. ഇബ്രാഹിം കുഞ്ഞ്:
„ കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശത്തെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2002-03-ൽ എവിടെയെല്ലാം ഫിഷറീസ് റോഡുകൾ നിർമ്മിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഇനത്തിൽ എന്ത് തുക ചെലവായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ കുമ്പളങ്ങി പഞ്ചായത്തിലെ കല്ലംചേരി റോഡ്, മലപ്പുറം ജില്ലയിൽ വെട്ടം പഞ്ചായത്തിൽ വാക്കാട് അഴീക്കൽ റോഡ്, കൊല്ലം ജില്ലയിൽ മൺട്രോ തുരുത്ത് പഞ്ചായത്തിലെ അരിനല്ലൂർകടവ്-പെരിങ്ങാലം റോഡ് എന്നീ റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ കുമ്പളങ്ങി പഞ്ചായത്തിലെ 2 റോഡുകളുടെ (ശ്രീകൃഷ്ണ ടെമ്പിൾ റോഡ്, സ്വരാജ് റോഡ്) നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

(ബി) 18,59,383 രൂപ ചെലവായി.

LIBRARY ARCHIVES Kerala Legislative Assembly